# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

ഏപ്രിൽ 01

APRIL 01

2019

*1194 മീനം 18* തിങ്കൾ

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## വോട്ടർമാർക്ക് ഇടയിൽ അവബോധം സൃഷ്ടിക്കാൻ തെരുവ് നാടകവും

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ജനങ്ങൾക്ക് ഇടയിൽ വോട്ടിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും എന്റെ വോട്ട് എന്റെ അവകാശം എന്ന സന്ദേശവുമായി സ്വീപ്പിന്റെ നേതൃത്വത്തിൽ തെരുവ് നാടകം സംഘടിപ്പിക്കുന്നു. കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന തെരുവ് നാടകത്തിൽ രംഗശ്രീയിലെ എട്ടോളം കലാകാരികളാണ് അണിനിരക്കുന്നത്.

കന്നഡ മേഖലയിൽ നാരായൺ പെർഡാലയുടെ നേതൃത്വത്തിലാണ് തെരുവു നാടകം അവതരിപ്പിക്കുക. കാസർകോട്, ഉദുമ നിയോജക മണ്ഡലത്തിൽ നാലിനും കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ അഞ്ചിനും മഞ്ചേശ്വരം മണ്ഡലത്തിൽ ഈ മാസം എട്ടിനുമാണ് തെരുവ് നാടകം അവതരിപ്പിക്കുന്നത്. പതിനഞ്ച് മിനുട്ടാണ് തെരുവ് നാടകത്തിന്റെ ദൈർഘ്യം. ഓരോ നിയോജക

മണ്ഡലത്തിലെയും മൂന്ന് പ്രധാന കേന്ദ്രങ്ങളിലായിരിക്കും തെരുവ് നാടകം അരങ്ങേറുക.

## വോട്ട് വണ്ടിക്ക് പള്ളിക്കര ബീച്ചിൽ മികച്ച ജനപിന്തുണ

ലോക്സഭാ തെരഞ്ഞടുപ്പിന്റെ ഭാഗമായി എന്റെ വോട്ട് എന്റെ അവകാശം എന്ന സന്ദേശവുമായി ഇലക്ഷൻ വിഭാഗം സ്വീപ്പിന്റെ നേതൃത്വത്തിൽ പള്ളിക്കര ബീച്ചിൽ സംഘടിപ്പിച്ച തീരദേശ വോട്ട് സന്ദേശ യാത്രയ്ക്ക് മികച്ച ജനപിന്തുണ. പാർക്കിലെത്തിയവർക്കാണ് വോട്ട് വണ്ടിയിൽ കയറി വോട്ട് ചെയ്യാനുള്ള അവസരമൊരുക്കിയത്. പള്ളിക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെ സ്വീപ്പ് പ്രവർത്തകർ ബീച്ച് പാർക്കിലൊരുക്കിയ വണ്ടിയിൽ കയറി നിരവധി പേരാണ് വോട്ടിംഗ് യന്ത്രങ്ങളും വിവിപാറ്റും അടുത്തറിഞ്ഞതും മനസിലാക്കിയതും. 150ലധികംപേർ വോട്ട് രേഖപ്പെടുത്താനെത്തി. പി. ബൈജുരാജ്, കെ.സി സതീഷ്, ശിവരാമ, അമ്പിളി, ശ്രീജ എന്നിവരാണ് വോട്ട് വണ്ടിക്ക് നേതൃത്വം നൽകിയത്.

## ക്രിമിനൽ കേസുള്ള സ്ഥാനാർത്ഥികൾ
## ടിവി ചാനലുകളിലും പരസ്യം നൽകണം

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികളിൽ ക്രിമിനൽ കേസുള്ളവർ ടിവി ചാനലുകളിലും പരസ്യം നൽകണം. ഏപ്രിൽ 12, 16, 21 എന്നീ തിയ്യതികളിൽ തെരഞ്ഞെടുപ്പ് നടക്കുന്ന പ്രദേശത്തെ പ്രചാരമുള്ള ടിവി ചാനലുകളിലാണ് പരസ്യം നൽകേണ്ടത്. പരസ്യം പ്രാദേശിക ഭാഷയിലായിരിക്കണം. രാവിലെ എട്ടിനും രാത്രി പത്ത് മണിക്കുമിടയിലാണ് പരസ്യം ചെയ്യേണ്ടത്. കൃത്യമായി മനസ്സിലാകുന്ന വലിപ്പത്തിൽ കുറഞ്ഞത് ഏഴ് സെക്കന്റെങ്കിലും പരസ്യം സ്ക്രീനിൽ തെളിയണം. കൂടാതെ ഏപ്രിൽ 12, 16, 21 എന്നീ തീയ്യതികളിൽ ജില്ലാ വരണാധികാരി നിർദേശിച്ചിട്ടുള്ള പത്രങ്ങളിലും കേസുകൾ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിക്കണം. പ്രസിദ്ധീകരിച്ച കാര്യങ്ങൾ സംബന്ധിച്ച് പരാതികളുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് 500 രൂപ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകാം.

## അവധിക്കാല ക്ലാസ്സുകൾ നാളെ ആരംഭിക്കും

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കാഞ്ഞങ്ങാട് കേന്ദ്രത്തിൽ ഒരു മാസം നീണ്ടു നിൽക്കുന്ന അവധിക്കാല ക്ലാസുകൾ നാളെ (ഏപ്രിൽ മൂന്നിന്) രാവിലെ പത്തിന് ആരംഭിക്കും. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള ടാലന്റ് ഡവലപ്പ്മെന്റ് കോഴ്സും ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുമാണ് ആരംഭിക്കുന്നത്. വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ ശേഷി വികസനമാണ് കോഴ്സുകളുടെ

ലക്ഷ്യം. ആയിരം രൂപയും 18 ശതമാനം സർവ്വീസ് ടാക്സും ആണ് ഫീസ്. കൂടുതൽ വിവരങ്ങൾക്കായി കാഞ്ഞങ്ങാട് ചെമ്മട്ടംവയൽ സയൻസ് ആന്റ് ടെക്നോളജി പാർക്കിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി കേന്ദ്രവുമായി ബന്ധപ്പെടുക.ഫോൺ- 8281098876

## 100 ശതമാനം നേട്ടം കൈവരിച്ചു

കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലയിലെ ബെള്ളൂർ, മൊഗ്രാൽപുത്തൂർ, പനത്തടി, കിനാനൂർ-കരിന്തളം, മടിക്കൈ, ബേഡഡുക്ക, ചെറുവത്തൂർ, കള്ളാർ, തൃക്കരിപ്പൂർ, പിലിക്കോട്, വെസ്റ്റ് എളേരി, വലിയപറമ്പ, കയ്യൂർചീമേനി, മീഞ്ച, വോർക്കാടി, കുമ്പഡാജെ, പടന്ന എന്നീ 17 ഗ്രാമ പഞ്ചായത്തുകൾ കുടിശ്ശികയടക്കം എല്ലാ നികുതികളും പിരിച്ചെടുത്ത് നൂറ് ശതമാനം നികുതി പിരിവ് കൈവരിച്ചതായി കാസർകോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ അറിയിച്ചു.

## വൈദ്യൂതി വിതരണം ഇന്ന് തടസപ്പെടും

110 കെ. വി മഞ്ചേശ്വരം – കുബന്നൂർ ഫീഡറിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്ന് (ഏപ്രിൽ 2) രാവിലെ പത്തു മുതൽ വൈകുന്നേരം മൂന്നു വരെ 110 കെ. വി. സബ്സ്റ്റേഷനുകളായ വിദ്യാനഗർ, മുള്ളേരിയ, കുബനൂർ എന്നിവിടങ്ങളിൽ നിന്നും 33 കെ. വി. സബ്സ്റ്റേഷനുകളായ അനന്തപുരം, കാസർകോട് ടൗൺ, ബദിയടുക്ക, പെർള എന്നിവിടങ്ങളിനിന്നുമുള്ള വൈദ്യുതി വിതരണം ഭാഗികമായി തടസപ്പെടാൻ സാധ്യതയുണ്ടെന്ന് മൈലാട്ടിലൈൻ മെയിന്റനൻസ് സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

## റേഷൻ വിഹിതം വാങ്ങണം

ജില്ലയിലെ എല്ലാ വിഭാഗം കാർഡുടമകൾക്കും മാർച്ച് മാസത്തേക്ക് അനുവദിച്ച റേഷൻ സാധനങ്ങൾ നാളെ (03) വരെ പൊതുവിതരണകേന്ദ്രങ്ങളിൽ നിന്നും വാങ്ങാവുന്നതാണെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. കാർഡുടമകൾ അവർക്കർഹതപ്പെട്ട റേഷൻ വിഹിതം നഷ്ടപ്പെടുത്താതെ, കൃത്യമായ തൂക്കത്തിലും വിലയിലും വാങ്ങണം.

## എ പ്ലസ് നേടിയവർക്ക് സ്വർണമെഡൽ വിതരണം ചെയ്തു

കഴിഞ്ഞ മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് സ്വർണമെഡൽ സമ്മാനിച്ചു. കാസർകോട് കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു സ്വർണ്ണ മെഡൽ സമ്മാനിച്ചു. ജില്ലാ പട്ടിക

ജാതി വികസന ഓഫീസർ മീനാറാണി എസ് അധ്യക്ഷത വഹിച്ചു. എസ് സി ഡി ഒ മാരായ മിനി കാഞ്ഞങ്ങാട്, ബഷീർ പി ബി കാസർകോട്, പി കെ തിരുമലേഷ് മഞ്ചേ ശ്വരം എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികളും രക്ഷിതാക്കളും പ്രമോട്ടർമാരും സംബന്ധിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്(അവാർഡ്)**

കഴിഞ്ഞ മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വർണമെഡൽ ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു വിതരണം ചെയ്യുന്നു.

## ബഡ്സ് സ്കൂളുകൾക്ക് അവധി

ജില്ലയിലെ ബഡ്സ് സ്കൂളുകൾക്ക് ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു അവധി പ്രഖ്യാപിച്ചു. വേനൽ ചൂട് ശക്തമായതിനാലാണ് അവധി. ഇനി ഒരു അറിയി പ്പുണ്ടാകുന്നത് വരെ അവധിയായിരിക്കുമെന്ന് കളക്ടർ അറിയിച്ചു.

**(തുടരും...)**

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **ഏപ്രിൽ 01**<br>**APRIL 01** | **2019** |

***1194 മീനം 18 തിങ്കൾ***

# പത്രക്കുറിപ്പ് 3

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## ഭിന്നശേഷി വോട്ടർമാർക്ക് പോളിംഗ് ബൂത്തുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തും

ലോക്സഭാ തെരഞ്ഞടുപ്പിന്റെ ഭാഗമായി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വോട്ടർമാരുടെ വോട്ടവകാശം ഉറപ്പുവരുത്തുന്നതിനും ഇവരെ പോളിംഗ് ബൂത്തിൽ എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എഡിഎം:സി ബിജുവിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് മിനികോൺഫൻസ് ഹാളിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

പോളിംഗ് ബൂത്തുകളിൽ ഭിന്നശേഷി വോട്ടർമാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഭിന്നശേഷി വോട്ടർമാരെ ബൂത്തുകളിൽ എത്തിക്കുന്നതിനും അവരെ തിരികെ കൊണ്ടുപോകുന്നതിനും സന്നദ്ധസേവകരെ നിയോഗിക്കും. ഇതിനായി ജില്ലയിലെ 50 സ്കൂളുകളിൽ നിന്നായി എൻ എസ് എസ് വിദ്യാർഥികളെയും, യൂത്ത്

ക്ലബ്, നെഹ്റു യുവകേന്ദ്ര, ആശാവർക്കേഴ്സ്, സ്റ്റുഡന്റ് പൊലീസ് കേഡറ്റ് തുടങ്ങിയവരുടെ സേവനവും ഉപയോഗപ്പെടുത്തും.

കൂടാതെ എൻഡോസൾഫാൻ ബാധിതർക്ക് അനുവദിച്ച ആംബുലൻസുകളും ഇതിനായി ഉപയോഗപ്പെടുത്തും. ഭിന്നശേഷി വോട്ടർമാരുടെ പേരും,വിലാസം,ഫോൺ നമ്പർ എന്നിവ അതാത് താലൂക്ക് തലത്തിൽ ക്രോഡീകരിക്കുകയും ഇത് ഇലക്ഷൻ വിങ്ങിനു കൈമാറാൻ അതാത് താലൂക്കിലെ തഹസിൽദാർമാരെ ചുതലപ്പെടുത്തി. തഹസിൽദാർമാർ ഈ ലിസ്റ്റ് ഭിന്നശേഷിക്കാരുടെ നോഡൽ ഓഫീസർ പി ബിജുവിന് കൈമാറാനും തീരുമാനമായി. ഭിന്നശേഷി വോട്ടർമാർ കൂടുതലുള്ള ഉദുമ, മഞ്ചേശ്വരം താലൂക്കുകളിൽ കൂടുതൽ ആംബുലൻസ് സൗകര്യം ഉറപ്പുവരുത്തും.

യോഗത്തിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ വി പി അബ്ദുൾ റഹ്മാൻ, നോഡൽ ഓഫീസർ പി ബിജു, ഇലക്ഷൻ വിഭാഗം ജൂനിയർ സൂപ്രണ്ട് എസ് ഗോവിന്ദൻ,അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർമാർ, തഹസിൽദാർമാർ, ജില്ലാ പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ, ആശാ കോർഡിനേറ്റർ, എസ് പി സി കോർഡിനേറ്റർ, യൂത്ത് വെൽഫയർ പ്രോഗ്രാം ഓഫീസർ തുടങ്ങിയവർ പങ്കെടുത്തു.

## എക്സൈസ് ഓഫീസ് ഇനി പേപ്പർ രഹിതം:

## ഇ-ഓഫീസ് ആരംഭിച്ചു

കാസർകോട് ഡിവിഷൻ എക്സൈസ് ഓഫീസ് ഇനി പേപ്പർ രഹിതമാകും. എക്സൈസ് വകുപ്പിന്റെ ഇ-ഓഫീസ് കളക്ടറേറ്റിൽ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിങ് ഉദ്ഘാടനം ചെയ്തു. ഇ-ഓഫീസ് സംവിധാനം വരുന്നതോടെ പൊതുജനങ്ങൾക്ക് എക്സൈസ് സേവനങ്ങൾക്ക് ഓഫീസിൽ നേരിട്ടെത്താതെ ഓൺലൈനായി അപേക്ഷിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മദ്യ-മയക്കുമരുന്ന് കടത്തിനെതിരേ ജില്ലയിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ അദ്ദേഹം വിലയിരുത്തി. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജേക്കബ് ജോൺ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മോഹൻ കുമാർ, എക്സൈസ് സി.ഐ മധുസൂദനൻപിള്ള തുടങ്ങിയവർ സംബന്ധിച്ചു. ഇ-ഓഫീസ് നിലവിൽ വന്നതോടെ എല്ലാ ഓഫീസ് രേഖകളും ഇ-ഫയലുകളാക്കി മാറ്റിയായിരിക്കും തുടർ നടപടികൾ സ്വീകരിക്കുക. ഓഫീസിലേക്കെത്തുന്ന പരാതികളും തപാലുകളും ആദ്യം തന്നെ സ്കാൻ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കംപ്യൂട്ടറിലൂടെ കൈമാറിയായിരിക്കും ഇ-ഓഫീസ് സംവിധാനം പ്രവർത്തിക്കുക. ആയുർവേദ മരുന്നുകളുമായി ബന്ധപ്പെട്ട ലൈസൻസ്, ബാർ ലൈസൻസ്, പെർമിറ്റ് തുടങ്ങിയവയുൾപ്പെടെ 23 സർവീസുകൾക്ക് ഇനി ഓഫീസിലെ

ത്താതെ ഓൺലൈനായി അപേക്ഷിക്കാം. കൂടാതെ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കാനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. 04994-256728 എന്ന നമ്പറിലാണ് പരാതികൾ അറിയിക്കേണ്ടത്.

ഫോട്ടോ അടിക്കുറിപ്പ്: ഋഷിരാജ് സിങ്:-

ജില്ലാ കളക്ടറേറ്റിൽ ആരംഭിച്ച കാസർകോട് ഡിവിഷൻ ഇ-ഓഫീസ് എക്സൈസ് കമ്മീഷണർ ഋഷിരാജ് സിങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

## വീഡിയോ എഡിറ്റിംഗ് ക്ലാസ്
## ഏപ്രിൽ 8 ന് തുടങ്ങും

കേരള മീഡിയ അക്കാദമിയിൽ 2019 ബാച്ചിലെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വീഡിയോ എഡിറ്റിംഗ് ക്ലാസുകൾ ഏപ്രിൽ എട്ടിന് ആരംഭിക്കും. വിദ്യാർത്ഥികൾ അന്നേ ദിവസം രാവിലെ പത്തിന് കാക്കനാട്ടുള്ള മീഡിയ അക്കാദമി കാമ്പസിൽ എത്തിച്ചേരണമെന്ന് അക്കാദമി സെക്രട്ടറി അറിയിച്ചു.

## കലാപരിശീലനത്തിന് അപേക്ഷിക്കാം

സാംസകാരിക വകുപ്പിന് കീഴിൽ മലപ്പുറം കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടിവൈദ്യർ മാപ്പിളകലാ അക്കാദമി യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന സംസ്ഥാനതല കലാ പരിശീലനം ഏപ്രിൽ രണ്ടാം വാരത്തിൽ മലപ്പുറം വാണിയമ്പലത്ത് വെച്ച് നടക്കും. മാപ്പിളപ്പാട്ട്, കോൽക്കളി, ദഫ്, അറബന, വട്ടപ്പാട്ട്, ഒപ്പന എന്നീ ഇനങ്ങളിലാണ് പരിശീലനം. 18-നും 40-നും ഇടയിൽ പ്രായമുള്ളവർ രണ്ട് ഫോട്ടോയും വയസ്സ് തെളിയിക്കുന്ന രേഖയുടെ പകർപ്പും സഹിതം അപേക്ഷിക്കണം. അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കും സ്വന്തം മേൽവിലാസമെഴുതി അഞ്ച് രൂപയുടെ തപാൽ സ്റ്റാമ്പ് പതിച്ച കവർ, സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ, മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി, മലപ്പുറം ജില്ല 673638 എന്ന വിലാസത്തിൽ അയക്കുക. ഓഫീസിൽ നിന്നും നേരിട്ടും അപേക്ഷാ ഫോറം ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി ഏപ്രിൽ 10. ഫോൺ : 0483 2711432.

**(അവസാനിച്ചു)**